പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3045 | 07.11.2019 ൽ മറുപടിക്ക്

## റെയിൽവേ സ്റ്റേഷനുകളുടെ വൃത്തിയും വെടിപ്പും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ജെ. മാക്സി | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) രാജ്യത്തെ റെയിൽവേ സ്റ്റേഷനുകളിലെ വൃത്തിയും വെടിപ്പും നിർണ്ണയത്തിൽ സംസ്ഥാനത്തെ റയിൽവേ സ്റ്റേഷനുകളുടെ റാങ്ക് എത്രയെന്ന് വ്യക്തമാക്കുമോ; | (എ) 2019 ലെ റെയിൽവേയുടെ "സ്വച്ഛ് റെയിൽ സ്വച്ഛ് ഭാരത്" റിപ്പോർട്ട് പ്രകാരം റെയിൽവേ സ്റ്റേഷനുകളിലെ വൃത്തിയും വെടിപ്പും നിർണ്ണയത്തിൽ സംസ്ഥാനത്തെ റയിൽവേ സ്റ്റേഷനുകളുടെ റാങ്ക് ചുവടെ ചേർക്കുന്നു. |

| നം | റെയിൽവേ സ്റ്റേഷൻ | റാങ്ക് |
|---|---|---|
| 1 | കോഴിക്കോട് | 125 |
| 2 | വടകര | 164 |
| 3 | തിരുവനന്തപുരം സെൻട്രൽ | 174 |
| 4 | തിരൂർ | 198 |
| 5 | കാഞ്ഞങ്ങാട് | 224 |
| 6 | കാസർഗോഡ് | 265 |
| 7 | തലശ്ശേരി | 279 |
| 8 | കണ്ണൂർ | 326 |
| 9 | കായംകുളം ജംഗ്ഷൻ | 344 |
| 10 | കൊല്ലം ജംഗ്ഷൻ | 345 |
| 11 | തൃശ്ശൂർ | 352 |
| 12 | ആലുവ | 406 |
| 13 | ഷൊർണ്ണൂർ ജംഗ്ഷൻ | 429 |
| 14 | പയ്യന്നൂർ | 431 |
| 15 | എറണാകുളം ടൗൺ | 438 |
| 16 | കൊച്ചു വേളി | 440 |
| 17 | തിരുവല്ല | 450 |
| 18 | അങ്കമാലി | 452 |
| 19 | കോട്ടയം | 468 |

| | | |
|---|---|---|
| 20 | ചെങ്ങന്നൂർ | 478 |
| 21 | എറണാകുളം ജംഗ്ഷൻ | 510 |
| 22 | പാലക്കാട് ജംഗ്ഷൻ | 542 |
| 23 | കൊയിലാണ്ടി | 550 |
| 24 | ആലപ്പുഴ | 576 |
| 25 | ഒറ്റപ്പാലം | 607 |

(ബി) സംസ്ഥാനത്തെ റെയിൽവേ സ്റ്റേഷനുകളുടെ വൃത്തിയും വെടിപ്പും ഉറപ്പാക്കുന്നതിനായി വകുപ്പ് സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം;

(സി) നിലവിലെ പ്രവർത്തനങ്ങൾ പരിഷ്കരിച്ച് വൃത്തിയും വെടിപ്പും ഉറപ്പാക്കി ആദ്യ നൂറു റാങ്കിനുള്ളിൽ എത്തുവാൻ നിശ്ചയിക്കപ്പെട്ട സംസ്ഥാനത്തെ മാതൃകാ റെയിൽവേ സ്റ്റേഷനുകളെ കണ്ടെത്തി അവയെ പ്രാപ്തമാക്കുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(ബി) (സി) സംസ്ഥാനത്തെ റെയിൽവേ സ്റ്റേഷനുകളുടെ വൃത്തിയും വെടിപ്പും ഉറപ്പാക്കുന്നത് റെയിൽവേയാണ്. ഇതിലേക്കായി ട്രെയിനുകളിൽ നിന്നും ശേഖരിക്കുന്ന ജൈവ - അജൈവ മാലിന്യങ്ങൾ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യങ്ങൾ കംമ്പോസ്റ്റാക്കുകയും മറ്റ് അജൈവമാലിന്യങ്ങളായ പേപ്പർ, പ്ലാസ്റ്റിക്, അലുമിനിയം ഫോയിൽ എന്നിവ പ്രത്യേകമായി തരംതിരിച്ച് പുന:ചംക്രമണ ഏജൻസികൾക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. അജൈവമാലിന്യങ്ങൾ ക്ലീൻ ചെയ്യുന്നതിനായി ഡസ്റ്റ് റിമൂവർ മെഷീൻ, പുന:ചംക്രമണയോഗ്യമല്ലാത്ത പ്ലാസ്റ്റിക് കവറുകൾ പൊടിക്കുന്നതിനായി ഷ്രെഡ്ഡിംഗ് മെഷീൻ, പാക്കിംഗിനായി ബെയിലിംഗ് മെഷീൻ എന്നിവ ഉപയോഗിക്കുന്നുണ്ട്.

സംസ്ഥാനത്തെ റെയിൽവേ സ്റ്റേഷനുകളിൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തി വൃത്തിയും വെടിപ്പും ഉറപ്പാക്കുന്നതിനുള്ള നടപടികൾ റെയിൽവേ സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ